**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 279** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തച്ചനാട്ടുകര പഞ്ചായത്ത് റോഡ് മെയിന്റനൻസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തച്ചനാട്ടുകര പഞ്ചായത്തിൽ ചെത്തല്ലൂർ 14-ാം വാർഡിൽ ഉൾപ്പെട്ട കലാലയം - പള്ളിപ്പുറം റോഡ്, പൂതൻ കോടൻ തേക്കും തൊടി റോഡ്, പൂതൻ കോടൻ - കൊടലി പറമ്പ് റോഡ് എന്നിവ പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട കൊണ്ട് പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തച്ചനാട്ടുകര പഞ്ചായത്തിൽ ചെത്തല്ലൂർ 14-ാം വാർഡിൽ ഉൾപ്പെട്ട കലാലയം പള്ളിപ്പുറം റോഡ്, പൂതൻ കോടൻ തേക്കുംതൊടി റോഡ്, പൂതൻ കോടൻ - കൊടലി പറമ്പ് റോഡ് എന്നിവ പഞ്ചായത്തിന്റെ മെയിൻറനൻസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 26-5-2026 ലെ 4470141/2026 നമ്പർ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. 09-4-2023 ലെ സ.ഉ(കൈ) നം. 90/2023/LSGD നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മെയിൻറനൻസ് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ട് റോഡ് കോൺക്രീറ്റ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണെന്ന് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 18-12-2023 ലെ LSGD/JD/PKD/7527/2023-B1കത്ത് പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ് തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് 14-ാം വാർഡ് മെമ്പർ ശ്രീമതി. ബിന്ദു. പി.എം. എന്നിവർ നവകേരള സദസ്സിൽ സമർപ്പിച്ച നിവേദനത്തിന് മറുപടിയായി). കൂടാതെ മേൽ സൂചിപ്പിച്ച കത്തിന് മറുപടിയായി ജില്ല ജോയിൻറ് ഡയറക്ടറുടെ 8/12/2023 തീയതിയിലെ LSGD/JD/PKD/7527/2023-B1 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗവുമായി കൂടിയാലോചിച്ച് നിലവിലെ നിബന്ധനകൾക്കനുസൃതമായി നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികളാണെന്ന്

ബോധ്യപ്പെട്ടാൽ പ്രസ്തുത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന് നടപ്പിലാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**